# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2207
## 05-02-2018 - ലെ മറുപടിക്ക്

### ആലത്തൂർ മണ്ഡലത്തിലെ ആസ്തിവികസന പദ്ധതി

| ചോദ്യം<br>**ശ്രീ.കെ.ഡി. പ്രസേനൻ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| എ) **2017-18** വർഷത്തെ ആലത്തൂർ നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി നൽകിയ പ്രൊപ്പോസലുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) 2017-18 വർഷത്തിൽ ആകെ 20 പ്രൊപ്പോസൽ ബഹു. എം.എൽ.എ ലഭ്യമാക്കുകയും ആയതിൽ ഒരു പ്രവൃത്തി റദ്ദ് ചെയ്യുകയും ബാക്കിയുള്ള 19 പ്രവർത്തികൾക്ക് ഏജൻസികളോട് ഡി.പി.ആർ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിൽ 5 പ്രവൃത്തികളുടെ ഡി.പി.ആർ സമർപ്പിക്കുകയും, ആയതിൽ 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ബാക്കി 3 പ്രവൃത്തികൾ ഭരണാനുമതിയ്ക്കായി എ.ഡി.എസ് പോർട്ടൽ വഴി (ഓൺ ലൈൻ മുഖേന) പാലക്കാട് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചു വരുന്നു. |
| ബി) പ്രൊപ്പോസലുകളിൽ എത്ര എണ്ണത്തിൽ ബന്ധപ്പെട്ട ഏജൻസികൾ ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; | ബി) 19 പ്രവൃത്തികൾക്കുള്ള പ്രൊപ്പോസലുകളിൽ 5 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| സി)ഡി.പി.ആർ.ലഭിച്ച പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദീകരണം നൽകുമോ? | സി) 19 പ്രവൃത്തികൾക്കുള്ള പ്രൊപ്പോസലുകളിൽ ഡി.പി.ആർ ലഭ്യമായ 5 പ്രവൃത്തികളിൽ 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**